## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3592 20.06.2018- ൽ മറുപടിയ്ക്ക്

# എൻഡോസൾഫാൻ ദുരിത ബാധിതർക്ക് നൽകുന്ന സാമ്പത്തിക സഹായങ്ങൾ

ചോദ്യം

ശ്രീ. എ.എൻ.ഷംസീർ

മറുപടി

കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ മന്ത്രി)

| | | | |
|---|---|---|---|
| (എ) | എൻഡോസൾഫാൻ ദുരിത ബാധിതർക്ക് സാമൂഹ്യനീതി വകുപ്പ് നൽകുന്ന സാമ്പത്തിക സഹായങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) & (ബി) | കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖാന്തിരം എൻഡോസൾപാൻ ദുരിത-ബാധിതർക്ക് 2012-13 സാമ്പത്തിക വർഷത്തിൽ 178750000/- രൂപയും 2013-14 സാമ്പത്തിക വർഷത്തിൽ 334250000/- രൂപയും ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശിപാർശ അനുസരിച്ച് പ്രത്യേക ധനസഹായം അനുവദിച്ച നൽകിയിരുന്നു.<br>എൻഡോസൾഫാൻ ദുരിത ബാധിതർക്കായി നടപ്പിലാക്കിവരുന്ന ക്ഷേമ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദവിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ സാമൂഹ്യ നീതി വകുപ്പ് എൻഡോസൾഫാൻ ദുരിത-ബാധിതരായവർക്ക് എന്തെല്ലാം സഹായങ്ങൾ ആണ് ചെയ്തിട്ടുള്ള-തെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## എൻഡോസൾഫാൻ ദുരിതബാധിതർക്കായി നടപ്പിലാക്കിവരുന്ന ക്ഷേമപ്രവർത്തനങ്ങൾ

### 1. സ്നേഹസാന്ത്വനം പദ്ധതി

ആരോഗ്യ വകുപ്പ് നടത്തിയ സർവ്വേയുടേയും മെഡിക്കൽ ക്യാമ്പിന്റേയും അടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലാ കളക്ടർ അംഗീകരിച്ച് നൽകിയ ദുരിതബാധിതരുടെ ലിസ്റ്റ് പ്രകാരം ദീർഘകാല ചികിത്സ ആവശ്യമുള്ളതും രോഗാവസ്ഥയിലുള്ളവരും തൊഴിലെടുക്കാനാകാതെ വീട്ടിനുള്ളിൽ കഴിയുന്നവരുമായവരിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് വികലാംഗ പെൻഷൻ ലഭിക്കുന്നവർക്ക് 1700/- രൂപയും വികലാംഗ പെൻഷൻ ലഭിക്കാത്തവർക്ക് 2200/- രൂപയും എൻഡോസൾഫാൻ ദുരിത ബാധിതരായ മറ്റുള്ളവർക്ക് 1200/- രൂപ വീതവും പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണിത്. ഇതു പ്രകാരം നിലവിലുള്ള ഗുണഭോക്താക്കളുടെ എണ്ണം താഴെ പറയും പ്രകാരമാണ്.

1. പ്രതിമാസം 1700/- രൂപ ലഭിക്കുന്നവർ - 975 പേർ.
2. പ്രതിമാസം 2200/- രൂപ ലഭിക്കുന്നവർ - 1422 പേർ.
3. പ്രതിമാസം 1200/- രൂപ ലഭിക്കുന്നവർ - 2244 പേർ.

**ആകെ - 4641 പേർ.**

ടി പദ്ധതിയ്ക്കായി വിവിധ സാമ്പത്തിക വർഷങ്ങളിൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വർഷം | ചെലവഴിച്ച തുക |
|---|---|---|
| 1 | 2010-11 | 1,83,40,140/- |
| 2. | 2011-12 | 9,70,46,098/- |
| 3. | 2012-13 | 7,51,59,555/- |
| 3. | 2013-14 | 8,00,32,115/- |
| 4. | 2014-15 | 9,22,10,920/- |
| 5. | 2015-16 | 9,43,07,975/- |
| 6. | 2016-17 | 9,76,18,990/- |
| 7. | 2017-18 | 9,67,84,205/- |
| 8 | 2018-19 (31.5.2018 വരെ) | 76,53,845/- |
| | ആകെ | **65,91,53,843/-** |

### 2. എൻഡോസൾഫാൻ ദുരിത ബാധിത കുടുംബങ്ങളിലെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതി

എൻഡോസൾഫാൻ ദുരിത ബാധിത കുടുംബങ്ങളിലെ കുട്ടികൾക്ക് 2011-12 മുതൽ 2017-2018 വരെയുള്ള അദ്ധ്യയന വർഷത്തിലേക്കുള്ള പ്രത്യേക

വിദ്യാഭ്യാസ ധനസഹായമായി ബഡ്സ് സ്കൂളിൽ പഠിക്കുന്നവർക്കും 1 മുതൽ 7-ാം ക്ലാസ്സുവരെയുള്ള കുട്ടികൾക്കും 2000/- രൂപ വീതവും 8 മുതൽ 10-ാം ക്ലാസ്സുവരെയുള്ളവർക്ക് 3000/- രൂപ വീതവും 11, 12, ക്ലാസ്സുകളിലുള്ളവർക്ക് 4000/- രൂപ വീതവും ഒറ്റത്തവണ ധനസഹായം നൽകുന്ന പദ്ധതിയാണിത്. ടി പദ്ധതിയ്ക്കായി വിവിധ സാമ്പത്തിക വർഷങ്ങളിൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം: | വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|---|
| 1 | 2011-12 | 2563 | 65,50,025/- |
| 2 | 2012-13 | 2521 | 66,86,450/- |
| 3 | 2013-14 | 2698 | 67,59,900/- |
| 4 | 2014-15 | 2370 | 68,52,300/- |
| 5 | 2015-16 | 1991 | 35,92,400/- |
| 6 | 2016-17 | 1287 | 17,78,000/- |
| 7 | 2017-18 | 1213 | 67,80,000/- |
| | | ആകെ | 3,89,99,075/- |

3. <u>സ്പെഷ്യൽ ആശ്വാസകിരണം പദ്ധതി</u>

കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിരുടെ ഗണത്തിൽ പൂർണ്ണമായും കിടപ്പിലായവരോ ബുദ്ധിമാന്ദ്യം സംഭവിച്ചിട്ടുള്ളവരോ ആയവരെ (പരസഹായം കൂടാതെ ജീവിക്കാൻ പറ്റാത്തവർ) പരിചരിക്കുന്ന ഒരാൾക്ക് സാമൂഹ്യ സുരക്ഷാ മിഷന്റെ സ്പെഷ്യൽ ആശ്വാസകിരണം പദ്ധതിയിൾപ്പെടുത്തി പ്രതിമാസം 700/- രൂപ നിരക്കിൽ ധനസഹായം വിതരണം ചെയ്യുന്ന പദ്ധതി. നിലവിൽ ഈ പദ്ധതി പ്രകാരം 910 പേർക്ക് ധനസഹായം നൽകി വരുന്നു.

ടി പദ്ധതിയ്ക്കായി വിവിധ സാമ്പത്തിക വർഷങ്ങളിൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വർഷം | ചെലവഴിച്ച തുക |
|---|---|---|
| 1 | 2013-14 | 21,45,702/- |
| 2 | 2014-15 | 77,92,712/- |
| 3 | 2015-16 | 79,42,787/- |
| 4 | 2016-17 | 80,90,515/- |
| 5 | 2017-18 | 81,38,656/- |
| 5 | 2018-19 (31.05.2018 വരെ) | 6,68,850/- |
| | ആകെ | 3,47,79,222/- |

4. എൻഡോസൾഫാൻ ദുരിതബാധിതരിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് ധനസഹായം അനുവദിക്കുന്നതിനായി 2012 - 13 സാമ്പത്തിക വർഷം 17,87,50,000/- രൂപയും 2013 - 14 സാമ്പത്തിക വർഷം 33,42,50,000/- രൂപയും കാസർഗോഡ് ജില്ലാ കളക്ടർക്ക് അനുവദിച്ചിട്ടുണ്ട്

5 . സ.ഉ. (എം.എസ്) നം 383/14/ സാ.നീ.വ തീയതി 29/5/14 പ്രകാരം കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിതബാധിതർ ഉൾപ്പെടുന്ന 11 പഞ്ചായത്തുകൾക്ക് നടത്തിപ്പ്, മെയിന്റനൻസ് ചെലവുകൾ എന്നിവ ബന്ധപ്പെട്ട പഞ്ചായത്തുകൾ വഹിക്കണമെന്ന വ്യവസ്ഥയിൻമേൽ ഓരോ ആംബുലൻസ് വാങ്ങുന്നതിന് ഭരണാനുമതി നൽകിയും ആംബുലൻസുകൾ വാങ്ങുന്നതിനുള്ള നടപടി ക്രമങ്ങൾ സ്വീകരിക്കുന്നതിന് കാസർഗോഡ് എൻഡോസൾഫാൻ സെല്ലിനെ ചുമലതപ്പെടുത്തിയും ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിന്റെ വെളിച്ചത്തിൽ ആംബുലൻസ് ആവശ്യമാണെന്നറിയിച്ച 9 പഞ്ചായത്തുകൾക്ക് ആംബുലൻസ് വാങ്ങി നൽകുന്നതിനായി 71,73,012/- രൂപ കാസർഗോഡ് ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്

6. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ പുനരധിവാസ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്ന തിനായി നിയമിച്ചിട്ടുള്ള ജെ.എച്ച്.ഐ.മാർക്ക് ശമ്പളം അനുവദിക്കുന്നതിനായി കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ നിന്നും 16,25,000/- രൂപ കാസർഗോഡ് നാഷണൽ ഹെൽത്ത് മിഷൻ ജില്ലാ പ്രോഗ്രാം മാനേജർക്ക് അനുവദിച്ചിട്ടുണ്ട്